LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീമതി ബിബി ബോബിയുടെ ബിൽ പാസ്സാക്കി നൽകണമെന്നും സ്പാർക്ക് അക്കൗണ്ടിലെ പിശക് തിരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത കോളേജ് പ്രിൻസിപ്പൽ സർക്കാരിലേയ്ക്ക് പ്രോപ്പർ ചാനലിൽ അപേക്ഷ നൽകിയിരുന്നുവെങ്കിലും പ്രസ്തുത അപേക്ഷ സ്പാർക്കിൽ ഇതുവരെ പരിഹരിച്ചിട്ടില്ലാത്തതിനാൽ (സ്പാർക്ക് ഫയൽ നമ്പർ S3/159/21), ആയത് എത്രയുംവേഗം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ശ്രീമതി ബിബിലിക്ക് 2017 മുതൽ കിട്ടുവാനുള്ള പെൻഡിംഗ് സാലറി എത്രയുംവേഗം നൽകുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത സാലറി എന്നത്തേയ്ക്ക് നൽകുവാൻ കഴിയും എന്നറിയിക്കാമോ?

(എ-സി) ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് ഗസ്റ്റ് അദ്ധ്യാപിക ആയിരുന്ന ശ്രീമതി ബിബിലി ബേബിയുടെ 2019 ജൂൺ മുതൽ ഡിസംബർ വരെയുള്ള ശമ്പളം സ്പാർക്കിൽ പ്രോസസ്സ് ചെയ്യുന്നതിനുള്ള തടസ്സം എന്തെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി ടിയാരിയുടെ സ്പാർക്ക് ഐഡിയും, സ്പാർക്കിൽ എന്ത് മാറ്റമാണ് വരുത്തേണ്ടത് എന്നത് വ്യക്തമാക്കുന്ന ഡി.ഡി.ഒ-യുടെ കത്തും സഹിതം (ടെർമിനേഷൻ ഡേറ്റ് കറക്റ്റ് ചെയ്യുന്നതിന് തെറ്റായി ടെർമിനേഷൻ ചെയ്ത ഡി.ഡി.ഒ. യുടെ കത്ത് സഹിതം) ഫയൽ പുനർസമർപ്പിക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ശ്രീമതി ബിബിലി ബേബിയുടെ ശമ്പളം പ്രോസസ്സ് ചെയ്യുന്നതാണ്.

**ധനകാര്യവകുപ്പ് സൂക്ഷ്മപരിശോധന നടത്തുന്ന സ്ഥാപനങ്ങൾ**

2(383) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി & എ.ജി. ഓഡിറ്റ് എന്നിവ നടക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങളിൽ ധനകാര്യ വകുപ്പ് സൂക്ഷ്മപരിശോധന നടത്താറുണ്ടോ?

സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി & എ.ജി ഓഡിറ്റ് എന്നിവ പരിഗണിക്കാതെതന്നെ സർക്കാർ വകുപ്പുകൾ, അവയ്ക്കുകീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരാതിയുടെ അടിസ്ഥാനത്തിലോ, ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കോ ധനകാര്യ പരിശോധനാ വിഭാഗം സൂക്ഷ്മ പരിശോധന നടത്താറുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇപ്രകാരം പരിശോധന നടത്തുന്നതെന്നും പ്രസ്തുത പരിശോധനയ്ക്ക് അടിസ്ഥാനമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

സർക്കാർ വകുപ്പുകൾ, അവയ്ക്ക് കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ചുകൊണ്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലോ, ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിലോ ധനകാര്യ പരിശോധനാ വിഭാഗം സൂക്ഷ്മ പരിശോധന നടത്താറുണ്ട്. കൂടാതെ സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി മേൽ സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധനയും നടത്താറുണ്ട്.

**കോവിഡ് കാലത്തെ സാമ്പത്തിക മാന്ദ്യം മറികടക്കൽ**

3 (384) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റവും ഇന്ധന വില വർദ്ധനവും ജനത്തിന്റെ വാങ്ങൽ ശേഷിയേയും നിക്ഷേപ സാദ്ധ്യതയേയും ബാധിച്ചിരിക്കുന്ന ഈ കോവിഡ് കാലത്ത് സംജാതമായിട്ടുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള ക്രിയാത്മക നടപടികൾ വ്യക്തമാക്കുമോ?

ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തികമാന്ദ്യത്തിനുള്ള പരിഹാരം എന്നാണ് സർക്കാർ കരുതുന്നത്. അതുകൊണ്ടുതന്നെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനുള്ള 2,800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായുള്ള 8,300 കോടി രൂപയും ഇതിന്റെ ഭാഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly